പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2086 13.06.2019 ൽ മറുപടിക്ക്

## തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുമ്പോൾ മെച്ചപ്പെട്ട രോഗി സൗഹൃദ സേവനം നൽകുകയും അതോടൊപ്പം അധിക തസ്തികകളും ടി കേന്ദ്രങ്ങളിൽ അനുവദിച്ച് നൽകുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസിംഗ് ഒ.പി.രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ ക്രമീകരിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധികമായി ഡോക്ടർമാരുടെയും, സ്റ്റാഫ് നഴ്സ്, ലാബ്ടെക്നീഷ്യൻ ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കുകയും, ഔട്ട്പേഷ്യന്റ് സേവനം, 6 മണി വരെ ദീർഘിപ്പിക്കൽ, നേഴ്സുമാരുടെ പ്രീചെക്കപ്പ്, എൻ.സി.ഡി. ക്ലിനിക്കുകൾ, ആസ്മ, ശ്വാസം മുട്ടൽ എന്നിവർക്കുള്ള 'ശ്വാസ് ക്ലിനിക്' മാനസികാരോഗ്യ പരിചരണത്തിനുള്ള"ആശ്വാസ്' ക്ലിനിക് തുടങ്ങിയവയും പ്രവർത്തിച്ച വരുന്നു. കൂടാതെ ലാബ് സൗകര്യവും ഇവിടങ്ങളിൽ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിൽ തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഏത് പ്രാഥമികാരോഗ്യ കേന്ദ്രത്തെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കാമോ; | (ബി) | തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ നിന്ന് പനങ്ങാട്, നെട്ടൂർ, ഉദയംപേരൂർ, എന്നീ സ്ഥാപനങ്ങളെ 2018-19 വർഷം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, 2017-18 -ൽ ഏരൂർ പി.എച്ച്.സി.യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുള്ളതുമാകുന്നു. |
| (സി) | പ്രസ്തുത കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രം പനങ്ങാട്, നെട്ടൂർ എന്നീ സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിന് 15,50,000/-. രൂപയുടെയും ഉദയംപേരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 14,00,000/- രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ